**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1095** **05.03.2018 ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ കർഷകർക്ക് പട്ടയം**

| **ചോദ്യം**<br>**ശ്രീ.പി.ടി. തോമസ്** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ കർഷകർക്ക് പട്ടയം നൽകുന്ന നടപടി ഏത് ഘട്ടത്തിലാണ്; | (എ) ഇടുക്കി ജില്ലയിൽ അർഹരായ കുടിയേറ്റ കർഷകർക്ക് പട്ടയം നല്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നുവരുകയാണ്. 17.02.2018 ൽ ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളയിൽ വിവിധ ഭൂമിപതിവ് ചട്ടപ്രകാരം 8820 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ബാക്കി അർഹരായ കേസിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുകയാണ്. |
| (ബി) | ഈ സർക്കാർ എത്രപേർക്ക് പട്ടയം നൽകിയെന്നും ഉപാധിരഹിത പട്ടയമാണോ അവർക്ക് നൽകിയതെന്നും ഇനി എത്രപേർക്ക് കൂടി പട്ടയം നൽകാനുണ്ടെന്നും അറിയിക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി ജില്ലയിൽ 14310 പട്ടയങ്ങൾ നല്കിയിട്ടുണ്ട്. കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1964 ലെ ഉപാധികളിൽ ഇളവ് വരുത്തിയ പ്രകാരമുള്ള പട്ടയങ്ങളാണ് 17.02.2018 ൽ ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളയിൽ വിതരണം ചെയ്തത്. പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അർഹത പരിശോധിച്ചതിനുശേഷം മാത്രമെ ഇനി എത്രപേർക്ക് കൂടി പട്ടയം നൽകാനുണ്ടെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ